(ബി) ഇല്ല.

(സി) വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. തീരുമാനം എടുത്തിട്ടില്ല.

ബാർകോഴ കേസിലെ നിയമോപദേശത്തിന് ചെലവായ തുക

144 (150) ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർക്കോഴ കേസിൽ സംസ്ഥാന സർക്കാരിനുവേണ്ടി സംസ്ഥാനത്തിന് പുറത്ത് നിന്ന് അഭിഭാഷകരെ കൊണ്ടുവന്ന് കേസ് നടത്തുന്നതിനും നിയമോപദേശം തേടുന്നതിനും വേണ്ടി എത്ര തുക ചെലവായിട്ടുണ്ട്, വിശദാംശം വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന ബജറ്റിൽ ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയിൽ നിന്നാണ് നിർദ്ദിഷ്ട തുക നൽകിയിട്ടുള്ളത്, അല്ലെങ്കിൽ നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

ബാർ കോഴക്കേസ്

145 (151) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർ കോഴയുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ വന്ന കേസുകൾ എത്ര; അതിൽ ഓരോ കേസിലും സർക്കാരിനും, വിജിലൻസ് വകുപ്പിനും വേണ്ടി ഹാജരായവർ ആരൊക്കെയാണ് ;

(ബി) കേസുകളുമായി ബന്ധപ്പെട്ട്ആകെ എത്ര രൂപ ചെലവായി ;

(സി) വിജിലൻസ് സ്പെഷ്യൽ കോടതി വിധിക്കെതിരെ വിജിലൻസ് ഡയറക്ടർ ഫയൽ ചെയ്ത കേസിൽ ഹാജരാകുന്നതിന് സീനിയർ അഡ്വക്കേറ്റ് കപിൽ സിബലിനെ വിളിച്ചത് ആരായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഹൈക്കോടതിയിൽ ഹാജരായി കേസ് വാദിച്ചതിന് ശ്രീ. കപിൽ സിബലിന് എന്ത് തുക നൽകേണ്ടതായിട്ടുണ്ട് ; മറ്റ് അഡ്വക്കേറ്റുമാർക്ക് നൽകേണ്ടതായ തുക എത്ര ; നൽകിയത് എത്ര; വിശദമാക്കുമോ ;

(ഇ) ഗവൺമെന്റിന്റെ ഏത് തലത്തിൽ എടുത്ത തീരുമാനമാനപ്രകാരമാണ് ശ്രീ. കപിൽ സിബൽ ഹൈക്കോടതിയിലെ കേസിൽ ഹാജരായത് ?

ഉത്തരം

(എ) ബാർ കോഴയുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ വന്ന കേസുകളുടെ എണ്ണം 8. അതിൽ 7 കേസുകളിൽ അഡ്വക്കേറ്റ് ജനറലും അദ്ദേഹത്തിന്റെ കീഴിലുള്ള സർക്കാർ അഭിഭാഷകരും, ഒരു കേസിൽ സുപ്രീം കോടതി അഭിഭാഷകൻ ശ്രീ. കപിൽ സിബലും ഹാജരായി.

(ബി-ഇ) വിവരം ശേഖരിച്ചുവരുന്നു.

ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കൽ

146 (152) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമ ന്യായാലയങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഗ്രാമ ന്യായാലയങ്ങളുടെ പ്രവർത്തനം വ്യക്തമാക്കുമോ ;

ഉത്തരം

(എ&ബി) സംസ്ഥാനത്ത് 30 ബ്ലോക്ക് പഞ്ചായത്തുകളിൽ ഗ്രാമ ന്യായാലയങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതി 1-3-2011 ലെ സ.ഉ. (എംഎസ്.) നമ്പർ 86/2011/ ആഭ്യന്തരം ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

സംസ്ഥാനത്ത് നിലവിൽ ഗ്രാമന്യായാലയങ്ങൾ ഒന്നും പ്രവർത്തനം ആരംഭിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒഴിഞ്ഞ കെട്ടിടങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഗ്രാമന്യായാലയങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly